

THURSDAY 10-11-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : Suraj S Editor : Dr Saritha Vijayan K

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-10/11/2022.

1. കർഷകരുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് പച്ചത്തേങ്ങ സംഭരണത്തിന്റെ പരിധി വർധിപ്പിച്ചതായി കൃഷി മന്ത്രി പി പ്രസാദ് അറിയിച്ചു. നിലവിൽ ഒരു തെങ്ങിൽ നിന്നും ഒരു വർഷം സംഭരിക്കാവുന്ന പച്ചത്തേങ്ങകളുടെ പരമാവധി എണ്ണം 50 എന്നായിരുന്നു കണക്കാക്കിയിരുന്നത്. വിവിധ ജില്ലകളിലെ പഠനത്തിന്റെയും അവലോകനത്തിന്റെയും അടിസ്ഥാനത്തിൽ ഈ പരിധി 70 ആക്കി വർധിപ്പിക്കുകയാണ്. കർഷകരിൽ നിന്നും ഒരു വർഷം ഈ മാനദണ്ഡം അനുസരിച്ചുള്ള പച്ചതേങ്ങകളായിരിക്കും സംഭരണ കേന്ദ്രങ്ങളിൽ എടുക്കുന്നത്. കൃഷിഭവനിൽ നിന്ന് അനുവദിക്കുന്ന അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും പച്ചതേങ്ങ സംഭരിക്കുന്നത്.

2. കൃഷിവകുപ്പ് മന്ത്രി നയിക്കുന്ന പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞം എന്ന കൃഷിദർശൻ പരിപാടി ഈ മാസം 24 മുതൽ 26 വരെ കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്കിൽ തുടക്കം കുറിക്കുന്നു. പരിപാടിയുടെ ഭാഗമായി ബ്ലോക്കിലെ ഒരു പഞ്ചായത്ത് കേന്ദ്രമാക്കി മന്ത്രിയുടെ **ഞങ്ങളും കൃഷിയിലേക്ക്-ഗൃഹസന്ദർശനം, ഒരു കർഷക ഭവനം കേന്ദ്രീകരിച്ച് 'ഭവന കൂട്ടായ്മ', കാർഷിക സാംസ്കാരിക പരിപാടികൾ** എന്നിവയുമുണ്ടാകും.

3. കേന്ദ്രസർക്കാർ 2022 ഒക്ടോബർ 21-ന് ഗ്ലൈഫോസേറ്റ് കളനാശിനിയുടെ ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവിറക്കിയതിനെ തുടർന്ന് സംസ്ഥാനത്തും ഇത് കർശനമായി നടപ്പിലാക്കുവാൻ ജില്ലയിലെ ഇൻസെക്റ്റിസൈഡ് ഇൻസ്പെക്ടർമാർക്ക് കൃഷി ഡയറക്ടർ നിർദ്ദേശം നൽകിയിരിക്കുകയാണ്. ഗ്ലൈഫോസേറ്റിന്റെ ഉപയോഗം പെസ്റ്റ് കൺട്രോൾ ഓപ്പറേറ്റർ മുഖേന മാത്രമായും, ഇതിന്റെ വിതരണം കൃഷിവകുപ്പിന്റെ അംഗീകൃത ഡീലർമാർ വഴി മാത്രമായും നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. നിലവിൽ ഡീലർമാരുടെ കൈവശമുള്ള ഗ്ലൈഫോസേറ്റ്, അനുബന്ധ കീടനാശിനികൾ എന്നിവയുടെ കണക്കെടുക്കുന്നതിനും കൃഷിഡയറക്ടർ ജില്ലാ ഇൻസെക്റ്റിസൈഡ് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

4. തിരുവനന്തപുരം ജില്ലയിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി/ സംഘടനകളെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാതലത്തിൽ തെരഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾ അല്ലെങ്കിൽ അംഗീകൃത സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങളും സഹിതം **നവംബർ മാസം പതിനാറാം തീയതിക്കകം** തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടറുടെ ശുപാർശസഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

## പരിശീലന പരിപാടികൾ

5. ഉത്തര മേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം നവംബർ 14 മുതൽ 19 വരെ **'ജൈവ കൃഷിക്കൊരു ആമുഖം'** എന്ന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. **കമ്പോസ്റ്റ് നിർമ്മാണം, ജൈവ കൃഷിയുടെ വാണിജ്യ സാധ്യതകൾ, ഓർഗാനിക് സർട്ടിഫിക്കേഷൻ നടപടിക്രമങ്ങൾ** തുടങ്ങിയ പ്രധാന വിഷയങ്ങൾ ചർച്ച ചെയ്യുന്ന ഈ പ്രായോഗിക പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ **9633406694** എന്ന ഫോൺ നമ്പറിൽ വിളിച്ച് നവംബർ 11 -നു 4 മണിക്ക് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2010 രൂപയാണ് ഒരാൾക്ക് ഫീസ്.

6. പത്തനംതിട്ട ജില്ലയിലെ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി **ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ ഈ മാസം **14 മുതൽ 19 വരെ** തീയതികളിൽ (14/11/22 മുതൽ 19/11/22) രണ്ടു ദിവസത്തെ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **04734-299869, 9495390436, 9446453247** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ, വാട്ട്സാപ്പ് സന്ദേശം ചെയ്തോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനാർത്ഥികൾ രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ചവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

7. കേരള കാർഷിക സർവകലാശാലയുടെ തൃശൂർ വെള്ളാനിക്കരയിലുള്ള കൊക്കോ ഗവേഷണ കേന്ദ്രത്തിൽ വെച്ച് **കൊക്കോ സംസ്കരണത്തിൽ** ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കശുമാവ് കൊക്കോ വികസന കാര്യാലയത്തിന്റെ ധനസഹായത്തോടു കൂടിനടത്തുന്ന ഈ പരിശീലന

പരിപാടിയിലേക്കുള്ള പ്രവേശനം സൗജന്യമാണ്. കൊക്കോ കർഷകർക്കും സംരംഭകർക്കും അപേക്ഷിക്കാവുന്നതാണ്. താൽപര്യമുള്ളവർ **0487 – 2438451, 2438452, 9539298831** എന്നീ ഫോൺ നമ്പരുകളിലോ ccrp@kau.in എന്ന ഇ-മെയിൽ മുഖേനയോ രജിസ്റ്റർ ചെയ്യാവുന്നതാണ്.

8. പട്ടം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **17,18** (നവംബർ 17,18) **ശുദ്ധമായ പാലുൽപാദനം** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർ ഈ മാസം **16-ന് (നവംബർ 16) 5 മണിക്കു മുമ്പായി** പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 125 രൂപ ദിനബത്തയും, ആകെ 100 രൂപ യാത്രാബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ, **0471-2440911** എന്ന ഫോൺ നമ്പരിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

9. നവംബർ മുതൽ ഏപ്രിൽ വരെയുള്ള കാലമാണ് തണ്ണിമത്തൻ കൃഷിക്ക് ഏറ്റവും അനുയോജ്യമായ സമയം. തണ്ണിമത്തൻ കൃഷിയ്ക്കായുള്ള വിത്ത് (അർക്കാമുത്ത്, അർക്കാജ്യോതി- നാടൻ ഇനം, കുരുവില്ലാതെ ഹൈബ്രിഡ് ഇനത്തിലെ ശോണിമ, സ്വർണ്ണ ഇവയിലേക്ക് പരാഗണം നടത്താനായി ഷുഗർ ബേബി) ശേഖരണവും മറ്റു മുന്നൊരുക്കങ്ങളും ഇപ്പോൾ മുതൽ ആരംഭിക്കാവുന്നതാണ്. ഒരു സെന്റിലേക്ക് 12 തൈയും, ഒരു കുഴിക്ക് 2 തൈയും വേണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം